(ബി) ഉണ്ടെങ്കിൽ അതിന്റെ തീയതിയും സമയവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് ജോലിസ്ഥലത്തിനു സമീപം ഹൗസിംഗ് കോളനി

912 [1676] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം സിറ്റി കോർപ്പറേഷനിലെ ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് അവരവരുടെ ജോലിസ്ഥലത്തിനു സമീപം താമസിക്കുന്നതിനു ഹൗസിംഗ് കോളനികൾ നിർമ്മിച്ചുകൊടുക്കുവാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

തിരുവനന്തപുരം കോർപ്പറേഷനിലെ ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് അവരവരുടെ ജോലിസ്ഥലങ്ങളുടെ സമീപം ഹൗസിംഗ് കോളനികൾ നിർമ്മിച്ചുകൊടുക്കുവാൻ നഗരസഭ സന്നദ്ധമാണ്. ചെങ്കൽച്ചൂള, കരിമഠം എന്നീ സ്ഥലം ക്ലിയറൻസ് സ്കീമുകൾ പൂർത്തിയാകുന്നതോടെ പലർക്കും വീടുകൾ ലഭിക്കുന്നതാണ്. ബാക്കിയുള്ളവർക്ക് കെട്ടിടം നിർമ്മിച്ചുകൊടുക്കുന്ന കാര്യം നഗരസഭയുടെ പരിഗണനയിലുണ്ട്.

ചാത്തന്നൂർ പരവൂർ പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ നടപടി

913 [1677] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിലെ ചാത്തന്നൂർ, പരവൂർ പ്രദേശങ്ങളുടെ വികസനം ലക്ഷ്യമാക്കി ഒരു ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

തൽക്കാലം ആലോചന ഇല്ല.

കൊല്ലം ടൗണിനു ചുറ്റുമുള്ള പ്രദേശങ്ങൾക്കായി ഡെവലപ്പ്മെന്റ് അതോറിറ്റി

914 [1678] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടൗണിനു ചുറ്റുമുള്ള പ്രദേശങ്ങൾക്കായി ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly